**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4731** **29-10-2021 - ൽ മറുപടിയ്ക്ക്**

**നാടൻ കലകൾ പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | നാടൻ കലകൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | നാടൻ കലകളുടെ പ്രോത്സാഹനത്തിനായി സാംസ്കാരിക വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച വരുന്നു. ക്ലാസ്സിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ കുട്ടികളിലും യുവാക്കളിലും ആഭിമുഖ്യമുണർത്തുക തുടങ്ങിയ ലക്ഷ്യത്തോടെ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക തലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുക വഴി സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച്, നടപ്പിലാക്കുന്ന പദ്ധതിയാണ് "യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്" പദ്ധതി. പ്രസ്തുത പദ്ധതിയിൽ തെയ്യം, തിറ, പൂരക്കളി മറത്തുകളി, കണ്യാർകളി, നാടൻപാട്ട്, ചവിട്ടുനാടകം, മാർഗ്ഗംകളി, മുടിയേറ്റ്, പടയണി, മാപ്പിളകലകൾ, കോൽക്കളി, വിൽപ്പാട്ട്, തിരുവാതിരക്കളി, പാക്കനാർ തുള്ളൽ, വഞ്ചിപ്പാട്ട്, ഗദ്ദിക, തോൽപ്പാവക്കൂത്ത്, കാക്കാരശി നാടകം എന്നീ നാടൻ കലകളിൽ പരിശീലനം നൽകി വരുന്നു. ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കലാ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതിയിൻ കീഴിൽ നാടൻ കലകൾ പ്രോത്സാഹിപ്പിച്ച വരുന്നു. ഗോത്രകലകൾ, നാടൻകലകൾ, അനുഷ്ഠാനകലകൾ, ക്രിസ്തീയ |

| | | | |
|---|---|---|---|
| | | | കലാരൂപങ്ങൾ, മാപ്പിളകലാരൂപങ്ങൾ, ക്ഷേത്രകലകൾ, ശാസ്ത്രീയകലകൾ, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, ചിത്രകല, ശില്പകല, ഫോട്ടോഗ്രാഫി, ഇതര ജനകീയകലകളായ മാജിക്, സർക്കസ്സ്, സൈക്കിൾ യജ്ഞം എന്നിവയും ട്രാൻസ്ജെൻഡേഴ്സ്, ഭിന്നശേഷിക്കാർ, അന്ധഗായക സംഘം, കാരുണ്യാലയങ്ങളിലെ കലാസംഘങ്ങൾ, ജയിൽ അന്തേവാസികളിൽ നിന്നുള്ള കലാസംഘങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയും അതാത് കലാസംഘങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് തനിമയോടെ കലാവതരണങ്ങൾ ചിത്രീകരിക്കുകയും വരാനിരിക്കുന്ന തലമുറയ്ക്കുവേണ്ടി കേരളീയ കലാരൂപങ്ങൾ സാംസ്കാരിക വകുപ്പിൽ ശേഖരിച്ചു വയ്ക്കുകയും ചെയ്യുന്ന 'മഴമിഴി' - മൾട്ടി മീഡിയ മെഗാ സ്ട്രീമിങ് സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ഫോക് ലോർ അക്കാദമിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലയിലും ഗ്രാമസന്ധ്യ എന്ന പേരിൽ സെമിനാറുകളും നാടൻ കലാ അവതരണങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മലയാളം മിഷൻ, ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് പ്രതിഫലവും നൽകി വരുന്നു. ഗോത്രവർഗ്ഗ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി പട്ടികജാതി പട്ടിക വികസന വകുപ്പിൽ കീഴിലുള്ള കിർടാഡ്സിൽ ഒരു ആദികലാകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ആദികലാകേന്ദ്രത്തിന്റെ ഭാഗമായും അല്ലാതെയും വകുപ്പ് വിവിധങ്ങളായ ഗോത്ര കലാരൂപങ്ങളെ കണ്ടെത്തി ഗോത്രസമുദായാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പഠനകളരികൾ നടത്തുകയും അവ വിവിധ മാധ്യമങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഗോത്രവർഗ്ഗ കലാരൂപങ്ങൾ പൊതുസമൂഹത്തിൽ എത്തിക്കുന്നതിനായി "ഗദ്ദിക" പോലുള്ള സംസ്ഥാനതല പരിപാടികളിൽ നാടൻകലാമേളകൾ സംഘടിപ്പിക്കാറുണ്ട്. ഗോത്രകലകളെ അധികരിച്ചുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. |
| (ബി) | സാംസ്കാരിക വിനിമയത്തിന്റെ ഭാഗമായി ഇതര ജില്ലകളിൽ നിന്നുള്ള നാടൻ കലാകാരൻമാർക്ക് | (ബി) | 'സാംസ്കാരിക വ്യാപനം' പദ്ധതിയിൽ ഉൾപ്പെടുത്തി സാംസ്കാരിക വിനിമയ പരിപാടി വിവിധ |

| | | | |
|---|---|---|---|
| | ഗ്രാമീണ മേഖലകളിൽ തങ്ങളുടെ കലാപരിപാടികൾ അവതരിപ്പിക്കാൻ സർക്കാർ പ്രോത്സാഹനം നൽകുന്നുണ്ടോ; | | സാംസ്കാരിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്തിനകത്തും, ദേശീയ അന്തർദേശീയ തലങ്ങളിലും സംഘടിപ്പിക്കാറുണ്ട്. സാംസ്കാരിക വിനിമയത്തിന്റെ ഭാഗമായി, മഹാമാരിയിലും മഹാപ്രളയത്തിലും ജിവിത മാർഗ്ഗം നഷ്ടപ്പെട്ട കലാസമൂഹത്തിന് ഒരു കൈത്താങ്ങാണ് 'മഴമിഴി' പദ്ധതി. വിവിധ കലാസാംസ്കാരിക മേഖലകളിലെ സമസ്ത ജനവിഭാഗങ്ങളേയും ഓൺ ലൈൻ പ്ലാറ്റ് ഫോമിൽ അണിനിരത്തിക്കൊണ്ടു കലാവിഷ്കാരങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവർക്ക് സാമ്പത്തിക സഹായം എത്തിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. സർക്കാരിന്റെ സാംസ്കാരിക വിനിമയ സ്ഥാപനമായ ഭാരത് ഭവൻ ഇന്ത്യൻ കലാരൂപങ്ങളുടെ അവതരണം ഗ്രാമീണ മേഖലകളിൽ നടത്തി വരുന്നതോടൊപ്പം 'തീയ്യേട്രം ഫാർമേ'യുടെ ഭാഗമായി കാർഷിക കലാരൂപങ്ങളുടെ അവതരണവും ഗ്രാമീണ മേഖലകളിൽ നടത്തി വരുന്നു. മറ്റ് സാംസ്കാരിക സ്ഥാപനങ്ങളായ വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി തുടങ്ങിയവർ നാടൻ കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നുണ്ട്. കേരള ഫോക് ലോർ അക്കാദമി സംഘടിപ്പിക്കുന്ന വലിയ കലോത്സവങ്ങളിൽ മറ്റു ജില്ലകളിൽ നിന്നുള്ള കലാകാരന്മാർക്കും അവസരം നൽകാറുണ്ട്. തെക്കൻ ജില്ലകളിലെ കലാരൂപമായ മുടിയേറ്റ്, പടയണി, ചവിട്ടുനാടകം തുടങ്ങിയ കലകൾക്ക് ഉത്തര കേരളത്തിൽ മതിയായ അവസരം നൽകാറുണ്ട്. അത് പോലെ വടക്കൻ കലകളായ ചിമ്മാനക്കളി, മംഗലംകളി, പൂരക്കളി തുടങ്ങിയ കലകൾക്ക് തെക്കൻ ജില്ലകളിലും അവസരങ്ങൾ നൽകാറുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളും കിർടാഡ്സും സംയുക്തമായി നടത്തുന്ന "ഗദ്ദിക പ്രദർശനവിപണനമേള' കളിൽ വിവിധ ജില്ലകളിലെ ഗോത്രകലാകാരന്മാർക്ക് ഗ്രാമീണമേഖലകളിൽ കലാപരിപാടികൾ അവതരിപ്പിക്കുവാൻ പ്രോത്സാഹനം നൽകാറുണ്ട്. |
| (സി) | ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ഇത്തരം കൂട്ടായ്മകൾ സംഘടിപ്പിക്കാൻ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ സഹായം ലഭ്യമാക്കുമോ; | (സി) | ഗ്രാമീണ മേഖലയിലും ചെറു പട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി 'നാട്ടരങ്ങ്' എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയിൻ കീഴിൽ ഗ്രാമീണ മേഖലയിലെ കലാകാരന്മാർക്ക് കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം ലഭിക്കും. |

| | | | |
|---|---|---|---|
| (ഡി) | വിവിധ നാടൻ കലകളിൽ വൈദഗ്ധ്യം നേടിയവർക്ക് തങ്ങളുടെ കഴിവുകൾ അന്തർ ജില്ലാ തലങ്ങളിൽ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമോ? | (ഡി) | സാംസ്കാരിക വ്യാപനം പദ്ധതിയിൽ ഉൾപ്പെടുത്തി സാംസ്കാരിക വിനിമയ പരിപാടി വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്തിനകത്തും, ദേശീയ അന്തർദേശീയ തലങ്ങളിലും സംഘടിപ്പിക്കാറുണ്ട്. സാംസ്കാരിക വിനിമയത്തിന്റെ ഭാഗമായി, മഹാമാരിയിലും മഹാപ്രളയത്തിലും ജീവിത മാർഗ്ഗം നഷ്ടപ്പെട്ട കലാസമൂഹത്തിന് ഒരു കൈത്താങ്ങാണ് സാംസ്കാരിക വകുപ്പിന്റെ 'മഴമിഴി' പദ്ധതി. വിവിധ കലാസാംസ്കാരിക മേഖലകളിലെ സമസ്ത ജനവിഭാഗങ്ങളേയും ഓൺ ലൈൻ പ്ലാറ്റ് ഫോമിൽ അണിനിരത്തിക്കൊണ്ടു കലാവിഷ്കാരങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവർക്ക് സാമ്പത്തിക സഹായം എത്തിക്കുന്നതിനും ഈ പദ്ധതിയിലൂടെ കഴിയുന്നു. സർക്കാരിന്റെ സാംസ്കാരിക വിനിമയ സ്ഥാപനമായ ഭാരത് ഭവൻ ഇന്ത്യൻ കലാരൂപങ്ങളുടെ അവതരണം ഗ്രാമീണ മേഖലകളിൽ നടത്തി വരുന്നതോടൊപ്പം 'തീയേട്ടം ഫാർമേയുടെ' ഭാഗമായി കാർഷിക കലാരൂപങ്ങളുടെ അവതരണവും ഗ്രാമീണ മേഖലകളിൽ നടത്തി വരുന്നു. മറ്റ് സാംസ്കാരിക സ്ഥാപനങ്ങളായ വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി തുടങ്ങിയവയും നാടൻ കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നുണ്ട്. കേരള ഫോക് ലോർ അക്കാദമി സംഘടിപ്പിക്കുന്ന കലോത്സവങ്ങളിൽ മറ്റു ജില്ലകളിൽ നിന്നുള്ള കലാകാരന്മാർക്കും അവസരം നൽകാറുണ്ട്. തെക്കൻ ജില്ലകളിലെ കലാരൂപമായ മുടിയേറ്റ്, പടയണി, ചവിട്ടുനാടകം തുടങ്ങിയ കലകൾക്ക് ഉത്തര കേരളത്തിൽ മതിയായ അവസരം നൽകാറുണ്ട്. അത് പോലെ വടക്കൻ കലകളായ ചിമ്മാനക്കളി, മംഗലംകളി, പൂരക്കളി തുടങ്ങിയ കലകൾക്ക് തെക്കൻ ജില്ലകളിലും അവസരങ്ങൾ നൽകാറുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളും കിർടാഡ്സും സംയുക്തമായി നടത്തുന്ന "ഗദ്ദിക പ്രദർശനവിപണനമേള' കളിൽ വിവിധ ജില്ലകളിലെ ഗോത്രകലാകാരന്മാർക്ക് ഗ്രാമീണമേഖലകളിൽ കലാപരിപാടികൾ അവതരിപ്പിക്കുവാൻ പ്രോത്സാഹനം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ